(ഡി) കെ.എം.എസ്.സി.എൽ. വിതരണം ചെയ്യുന്ന മരുന്നുകളുടെ നിലവാരത്തെ കുറിച്ച് കിഡ്സ് നടത്തിയ പഠനത്തിന്റെ വിശദാംശം നൽകാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ കിഡ്സ് എന്ന സ്ഥാപനം 16-1-2013-ന് പ്രവർത്തനം ആരംഭിച്ചു.

(ബി) ഇല്ല. പ്രവർത്തനം തുടങ്ങി ഒരുവർഷം കഴിഞ്ഞിട്ടും യാതൊരു പഠനറിപ്പോർട്ടും സമർപ്പിക്കാത്തതിനാൽ അധിക ബാധ്യത ഒഴിവാക്കാനായി കിഡ്സിന്റെ പ്രവർത്തനം നിർത്തുകയും സർക്കാരിന് അധികബാധ്യത ഉണ്ടാകാത്തരീതിയിൽ ഫാർമസി ഡിപ്പാർട്ടുമെന്റ് മുഖേന പ്രസ്തുത പഠനം നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു.

(സി) 2014-15 സാമ്പത്തിക വർഷത്തെ കോർപ്പറേഷന്റെ ടെണ്ടർ വ്യവസ്ഥപ്രകാരം കോർപ്പറേഷന്റെ ജില്ലാ വെയർഹൗസുകളിൽ ശേഖരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഓരോ ബാച്ചും എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ഉള്ള മരുന്നു പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാര സർട്ടിഫിക്കറ്റ് നൽകണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ കോർപ്പറേഷൻ വെയർഹൗസുകളിൽ എത്തിച്ചേരുന്ന മരുന്നുകളുടെ 10 ശതമാനം സാമ്പിളുകൾ റാണ്ടമായി ശേഖരിച്ച് കോർപ്പറേഷൻ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇതിനുപുറമെ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പും സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ഫാർമസി ഡിപ്പാർട്ടുമെന്റ് മുഖേന മരുന്നുകളുടെ ഉപയോഗം, വിതരണം എന്നിവയെക്കുറിച്ച് പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) കെ.എം.എസ്.സി.എൽ. വിതരണം ചെയ്യുന്ന മരുന്നുകളുടെ നിലവാരം സംബന്ധിച്ച് കിഡ്സ് പഠനം നടത്തിയിട്ടില്ല.

പന്ത, അച്ചൻകോവിൽ, വൈപ്പാർ സംയോജനപദ്ധതി

25 (*655) ശ്രീ. എ. എം. ആരിഫ് :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം തമിഴ്നാട് നദീസംയോജനത്തിനായി സമ്മർദ്ദം ചെലുത്തുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ ; എങ്കിൽ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളുടെ സർവ്വനാശത്തിനിടയാക്കാനിടയുള്ള പമ്പ, അച്ചൻകോവിൽ, വൈപ്പാർ സംയോജനപദ്ധതി ദേശീയ ജലവികസന ഏജൻസിയെ സ്വാധീനിച്ച് നടപ്പാക്കാനുള്ള ശ്രമം തടയാൻ എന്തൊക്കെ മുൻകരുതൽ എടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കാൻ മുൻകരുതൽ എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ ജോസഫ്):

(എ) പരാമർശ വിഷയത്തിലുള്ള ചില പത്രവാർത്തകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. നദീസംയോജന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നുള്ളതാണ് തമിഴ്നാടിന്റെ അവകാശവാദമെന്ന് പത്രവാർത്തകളിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ കേന്ദ്ര സർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഇക്കാര്യത്തിൽ ഔദ്യോഗികമായ അറിയിപ്പുകളൊന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. പമ്പ-അച്ചൻകോവിൽ-വൈപ്പാർ സംയോജനപദ്ധതി കേരളത്തിന് ഗുണകരമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനെതിരെ സംസ്ഥാനം സാദ്ധ്യമായ വേദികളിലെല്ലാം എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

(ബി) പമ്പ-അച്ചൻകോവിൽ-വൈപ്പാർ സംയോജന പദ്ധതി കേരളത്തിന് ഗുണകരമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനെതിരെ കേരളം സാദ്ധ്യമായ വേദികളിലെല്ലാം ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ദേശീയ ജലവികസന ഏജൻസിയുടെ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി, വാർഷിക ജനറൽ ബോഡി, ഗവേണിംഗ് ബോഡി മീറ്റിംഗുകളിൽ പങ്കെടുത്ത കേരളത്തിന്റെ പ്രതിനിധികൾ ഈ പദ്ധതി കേരളത്തിന് സ്വീകാര്യമല്ലെന്ന് ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. 6-9-2006-ൽ നടന്ന 59-ാം ഗവേണിംഗ് ബോഡി യോഗത്തിന്റെ തീരുമാനപ്രകാരം പമ്പ-അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതിയെ Priority link-ൽ നിന്നും നീക്കം ചെയ്യുകയുണ്ടായി. സംസ്ഥാനങ്ങളുടെ സമ്മതമില്ലാതെ മുന്നോട്ടുള്ള നടപടികളൊന്നും തുടങ്ങുകയില്ലായെന്നും NWDA ഉറപ്പുനൽകിയിട്ടുണ്ട്. പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് 11-ാം നിയമസഭയുടെ 6-ാം സമ്മേളനത്തിൽ 6-8-2003-ൽ കേരള നിയമസഭ പ്രമേയം പാസ്സാക്കുകയും ഉണ്ടായി. പമ്പയും അച്ചൻകോവിലും കേരളത്തിന്റെ intra state നദികൾ ആയതിനാൽ അവയുടെമേലുള്ള പൂർണ്ണ അധികാരം സംസ്ഥാനത്തിൽ നിക്ഷിപ്തമാണ്. കേരളത്തിന്റെ സമ്മതത്തോടുകൂടി മാത്രമേ ഈ പദ്ധതി നടപ്പിലാക്കാനാകൂ. സുപ്രീം കോടതിയുടെ 27-2-2012-ലെ വിധിയുടെ അടിസ്ഥാനത്തിൽ രൂപീകൃതമായ "Special committee on inter linking of rivers"-ന്റെ അംഗീകാരത്തോടുകൂടി മാത്രമേ നദീസംയോജനവുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളുടെയും Planning-ഉം Construction-ഉം implementation-ഉം നടപ്പാക്കാനാകൂ എന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പമ്പയിലേയും അച്ചൻകോവിലിലേയും ജലദൗർലഭ്യത്തെ സംബന്ധിച്ച് IIT-Delhi, CWRDM എന്നിവയെക്കൊണ്ട് ആധികാരികമായ പഠനങ്ങൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നദികളിൽ അധികജലം ഇല്ലെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും ഉണ്ടാകാതിരിക്കാൻ വകുപ്പു തലത്തിലും സർക്കാർതലത്തിലും എല്ലാവിധ മുൻകരുതൽ നടപടികളും യഥാസമയം സ്വീകരിക്കുന്നതാണ്.

സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സ്വന്തംനിലയിൽ പ്രവേശിപ്പിക്കൽ

26 (*656) ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പിന്നീട് സ്വന്തംനിലയിൽ പ്രവേശനം നടത്തുമെന്ന് അറിയിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണമെന്താണെന്നാണ് അവർ അറിയിച്ചിരിക്കുന്നത് ;

(ബി) ഇവരുമായി ധാരണയിലോ കരാറിലോ എത്തിയശേഷമായിരുന്നോ പ്രസ്തുത സീറ്റുകൾ കൂടി പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിരുന്നത് ;

(സി) കരാർലംഘനം നടത്തിയെങ്കിൽ ഇവർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ;

(ഡി) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സ്വന്തംനിലയിൽ പ്രവേശനം നടത്തി മെറിറ്റ് അട്ടിമറിച്ച് വിദ്യാർത്ഥികളെ കണ്ഫ്യൂഷനിലാക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; ഇപ്രകാരം സംഭവിക്കുന്നതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ-സി) 26-5-2014-ൽ കേരളാ പ്രൈവറ്റ് മെഡിക്കൽ കോളേജ് മാനേജ്മെന്റ് അസോസിയേഷനുമായി നടന്ന ചർച്ചയിൽ മാനേജ്മെന്റ് സീറ്റുകളിലേക്ക് പ്രവേശനത്തിനായി പ്രത്യേകം പ്രവേശന പരീക്ഷ നടത്തണമെന്ന ആവശ്യത്തിൽ മാനേജ്മെന്റുകൾ ഉറച്ചുനിൽക്കുകയും ഇതിലേക്കായി സുപ്രീം കോടതിയുടെ അനുമതി ലഭിക്കുന്നപക്ഷം കരാറിൽ ഏർപ്പെടാമെന്ന് അസോസിയേഷൻ സർക്കാരിനെ അറിയിക്കുകയും ചെയ്തു. മാനേജ്മെന്റുകൾക്ക് സുപ്രീം കോടതിയുടെ അംഗീകാരം ഇതുവരെ ലഭിച്ചിട്ടില്ല. കേസ് ജൂലൈ 15-ന് പോസ്റ്റ് ചെയ്തിരിക്കുകയാണ്. ആയതിനാൽ ഇതുവരെയും പ്രസ്തുത മാനേജ്മെന്റുകൾ കരാറിൽ ഏർപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly